## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ഹെഡ് ക്ലാർക്ക് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1)ഉത്തരവ് നം. ഇ.എസ്.2-64/2025/ആ.വ.ഡ., തീയതി: 07-04-2025.
2)ഉത്തരവ് നമ്പർ :ഇഡി3-3714/2025/ആ.വ.ഡ. തീയതി : 15-04-2025.
3)സ.ഉ.(സാധാ) നം.729/2025/H&FWD തീയതി, 11-03-2025

**ഉത്തരവ് നം : DHS/5/2025-ED1 തീയതി : 25-04-2025**

ആരോഗ്യ വകുപ്പിലെ ഹെഡ് ക്ലർക്കുമാരുടെ 31/12/2024 കാലയളവ് വരെയുള്ള അന്തിമ സീനിയോറിറ്റി പട്ടിക പരാമർശം (1) പ്രകാരം പ്രസിദ്ധികരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെട്ട റാങ്ക് നമ്പർ 9 വരെയുള്ള ജീവനക്കാർക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

2. പരാമർശം (2) പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും സീനിയർ സൂപ്രണ്ട്/ലേ സെക്രട്ടറി & ട്രഷറർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയതിലൂടെ ഉണ്ടായിട്ടുള്ള ജൂനിയർ സൂപ്രണ്ട് തസ്തിക ഒഴിവുകളിലേയ്ക്ക് താഴെ പറയുന്ന ഹെഡ് ക്ലാർക്കുമാരെ 43400 – 91200 ശമ്പള സ്കെയിലിൽ KS&SSR Part II Rule 28(b) (ii) പ്രകാരം ഉദ്യോഗക്കയറ്റം നൽകി അവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനത്തിൽ നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | റാങ്ക് നം. | പേര് പെൻ | ജനന തീയതി | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം | ഒഴിവുകളുടെ സ്വഭാവം |
|---|---|---|---|---|---|---|
| | | | | | | ശ്രീമതി. ഷീബ |

| | | | | | | |
|---|---|---|---|---|---|---|
| 1 | 10 | ശ്രീമതി. രേഷ്മ കെ. 313048 | 25/08/1979 | ഗവ. മാനസികാരോഗ്യ കേന്ദ്രം, കുതിരവട്ടം, കോഴിക്കോട്. | ജില്ലാ ആശുപത്രി കണ്ണൂർ. | മാറോളി -യ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിലൂടെ |
| 2 | 11 | ശ്രീമതി. സന്ധ്യ വി.എസ്. 390994 | 20/05/1979 | ജില്ലാ റ്റി.ബി. സെന്റർ, കൊല്ലം. | ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. | ശ്രീ. സ്റ്റാൻലി ജോസ് -ന് സ്ഥാനക്കയറ്റം ലഭിച്ചതിലൂടെ |
| 3 | 12 | ശ്രീ. ബിനോജ് കുമാർ ഡി. 314866 | 15/04/1980 | താലൂക്ക് ആസ്ഥാന ആശുപത്രി, വൈക്കം, കോട്ടയം. | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), പാലക്കാട്. | ശ്രീ. ആർ. ശ്രീജിത് -ന് സ്ഥാനക്കയറ്റം ലഭിച്ചതിലൂടെ |
| 4 | 13 | ശ്രീമതി. ഷൈനി എ. 185422 | 24/04/1971 | സ്റ്റേറ്റ് റ്റി.ബി. ട്രെയിനിംഗ് & ഡെമോൺസ്ട്രേഷൻ സെന്റർ, തിരുവനന്തപുരം. | ജനറൽ ആശുപത്രി തിരുവനന്തപുരം. | ശ്രീമതി. ഷീല എ. -യ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിലൂടെ |

3) മേൽ പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ പകരക്കാരെ കാത്തുനിൽക്കാതെ തന്നെ നിലവിലെ സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്യേണ്ടതും സ്ഥാനക്കയറ്റം ലഭിച്ച സ്ഥാപനങ്ങളിൽ അടിയന്തിരമായി പ്രവേശിക്കേണ്ടതുമാണ്. ടി ഉദ്യോഗസ്ഥർ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോലിയ്ക്ക് പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി രണ്ട് വർഷ കാലയളവിനുള്ളിൽ ഒരു വർഷത്തെ പ്രൊബേഷൻ കാലയളവ് തൃപ്തികരമായി പൂർത്തീകരിക്കേണ്ടതാണ്.

4. ആരോഗ്യ വകുപ്പിൽ നിലവിൽ പരാമർശം (3) പ്രകാരം 2025 പൊതുസ്ഥലംമാറ്റ നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നതിനാലും, സീനിയറായിട്ടുള്ള ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കാനുള്ളതിനാലും ഈ ഉത്തരവ് പ്രകാരം ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനങ്ങളിലെ നിയമനം ആവശ്യമെങ്കിൽ മാറ്റുന്നതും, അവരെ മറ്റൊരു സ്റ്റേഷനിൽ പോസ്റ്റ് ചെയ്യുന്നതുമായിരിക്കും.

5 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുവാനും, ജോലിയിൽ പ്രവേശിക്കുന്നതിനുമുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

Signed by
M . Abul Kalam
Date: 25-04-2025 15:02:04
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :
1) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും, സ്ഥാപന മേധാവികൾക്കും.
2) ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.
3) ഫയൽ/കരുതൽ ഫയൽ.